പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2571 28-10-2026-ൽ മറുപടിയ്ക്ക്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എ. സി. മൊയ്തീൻ	ശ്രീമതി കെ. എ. തുളസി (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാർവ്വത്രിക പ്രവേശനം, സ്കൂളുകളിലെ തുടർച്ചയായ സാന്നിധ്യം, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, മികച്ച വിജയശതമാനം എന്നിവ ഉറപ്പാക്കുന്നതിനായി സമഗ്രമായ വിവിധ പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നത്.

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ (TEO), എസ്.ടി. പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ ഫീൽഡുതല ഇടപെടലുകളിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്തുകൾ), പൊതുവിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷാ കേരളം (SSK), സ്കൂൾ പി.ടി.എ. കമ്മിറ്റികൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെയും വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന വിദ്യാഭ്യാസ പദ്ധതികൾ താഴെ പറയുന്നവയാണ്

1. **വിദ്യാവാഹിനി പദ്ധതി (പഴയ ഗോത്രസാരഥി):** ദുർഘട പ്രദേശങ്ങളിലും വനമേഖലകളിലും താമസിക്കുന്ന വിദ്യാർത്ഥികളെ സ്കൂളുകളിലേക്ക് കൊണ്ടുപോകുന്നതിനും തിരികെ ഊരുകളിലെത്തിക്കുന്നതിനുമായി വകുപ്പ് നേരിട്ട് വാഹനസൗകര്യം ഏർപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

2. **രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം:** സ്കൂളുകളിൽ കുട്ടികളുടെ തുടർച്ചയായ സാന്നിധ്യം ഉറപ്പാക്കാൻ 75 ശതമാനത്തിൽ കൂടുതൽ ഹാജറുള്ള പ്രൈമറി വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം ₹ 500/- നിരക്കിൽ പ്രോത്സാഹന ധനസഹായം നൽകുന്നു.

3. **ഗോത്രബന്ധു പദ്ധതി:** ഗോത്രമേഖലയിലെ പ്രൈമറി തലത്തിലെ ഭാഷാപരമായ അപരിചിതത്വവും കൊഴിഞ്ഞുപോക്കും തടയുന്നതിനായി കുട്ടികളുടെ സ്വന്തം മാതൃഭാഷയിൽ അധ്യയനം നടത്തുന്നതിന് വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലായി 326 ഗോത്ര മെന്റർ ടീച്ചർമാരെ നിയമിക്കുന്നു.

4. **പ്രീ-മെട്രിക് ലംപ്സം ഗ്രാന്റും സ്കോളർഷിപ്പുകളും:** പഠനോപകരണങ്ങൾ വാങ്ങുന്നതിനായി എൽ.പി. (₹ 850/-), യു.പി. (₹ 1,000/-), ഹൈസ്കൂൾ (₹ 1,100/-) നിരക്കിൽ വാർഷിക ലംപ്സം ഗ്രാന്റും, ₹ 2,500/- സ്റ്റൈപ്പന്റും, പ്രാക്തന ഗോത്രവിഭാഗങ്ങൾക്കായി (PVTG) പ്രതിമാസ പ്രത്യേക അധിക സ്റ്റൈപ്പന്റും നൽകിവരുന്നു.

5. <u>കേന്ദ്രാവിഷ്കൃത 9, 10 ക്ലാസ്സ് സ്കോളർഷിപ്പ്</u>: കേന്ദ്ര വിഹിതം 75%, സംസ്ഥാന വിഹിതം 25% അനുപാതത്തിൽ 9, 10 ക്ലാസുകളിൽ പഠിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും പുസ്തക ഗ്രാന്റും അനുവദിക്കുന്നു.

6. <u>പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (ഇ-ഗ്രാന്റ്സ് 3.0)</u>: പ്ലസ് വൺ മുതൽ ഡിഗ്രി, പി.ജി., പ്രൊഫഷണൽ കോഴ്സുകൾ വരെയുള്ള മുഴുവൻ ഫീസ് ഇളവുകൾ, കോഴ്സ് അനുസരിച്ച് ₹ 1,600/- മുതൽ ₹ 4,200/- വരെയുള്ള ലംപ്സം ഗ്രാന്റ്, പ്രതിമാസം ₹ 2,500/- പോക്കറ്റ് മണി, ഹോസ്റ്റൽ മെസ്സ് ചാർജ്ജ് (₹ 4,000/- / ₹ 5,000/-), പ്രൈവറ്റ് അക്കോമഡേഷൻ തുക (₹ 30,000/-) എന്നിവ നൽകുന്നു.

7. <u>ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്</u>: ടൈംസ് ഹയർ എഡ്യൂക്കേഷൻ (THE) വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ ആദ്യ 500 സ്ഥാനങ്ങളിലുള്ള ലോകോത്തര സർവ്വകലാശാലകളിൽ പി.ജി., പി.എച്ച്.ഡി. പഠനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരമാവധി ₹ 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്നു.

8. <u>അന്യസംസ്ഥാന പഠനസഹായം</u>: ദേശീയ പ്രവേശന പരീക്ഷകൾ വഴിയോ കേന്ദ്ര അംഗീകൃത സ്ഥാപനങ്ങളിലോ കേരളത്തിന് പുറത്ത് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പോർട്ടൽ വഴി സാമ്പത്തിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു.

9. <u>സിവിൽ സർവീസ് പരിശീലനം</u>: ഡിഗ്രിക്ക് 50% മാർക്കുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 30 പേർക്ക് ഇന്ത്യയിലെ പ്രമുഖ അക്കാദമികളിൽ പരിശീലനം നേടുന്നതിനായി പ്രതിവർഷം ₹ 3 ലക്ഷം രൂപ സ്കോളർഷിപ്പ് നൽകുന്നു.

10. <u>സാമൂഹ്യപഠനമുറി</u>: പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുക, വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുക, പഠനാഭിമുഖ്യം വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സ്കൂളുകളിൽ നിന്നും തിരികെയെത്തുന്ന കുട്ടികൾക്ക് ഊരുകളിൽ പഠനസൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണിത്.

11. <u>സ്മാർട്ട് പഠനമുറികൾ</u>: സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ ടെക്നിക്കൽ സ്കൂൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ 8 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് വീടിനോട് ചേർന്ന് സ്മാർട്ട് പഠനമുറികൾ നിർമ്മിക്കുന്നതിനായി ഒരു പഠനമുറിക്ക് പരമാവധി 2.50 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നത്.

(ബി) പഠനം പൂർത്തിയാക്കാതെയുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും സ്കൂൾ പ്രവേശനം നേടിയ കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിച്ചു നിലനിർത്തുന്നതിനുമായി മുകളിൽ നൽകിയിട്ടുള്ള പദ്ധതികൾക്ക് പുറമെ വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. **<u>ഡ്രോപ്പ്-ഔട്ട് ട്രാക്കിംഗും ഗൃഹസന്ദർശനവും:</u>** സ്കൂളുകളിൽ തുടർച്ചയായി ഹാജരാകാത്ത കുട്ടികളെ കണ്ടെത്താൻ എസ്.ടി. പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ ഊരുകളിലെ വീടുകൾ നേരിട്ട് സന്ദർശിച്ച് വിവരശേഖരണം നടത്തുകയും രക്ഷിതാക്കൾക്ക് കൗൺസിലിംഗ് നൽകി കുട്ടികളെ സ്കൂളുകളിൽ തിരികെ എത്തിക്കുകയും ചെയ്യുന്നു

2. **<u>റെസിഡൻഷ്യൽ പഠന സൗകര്യങ്ങൾ:</u>** വിദൂര പ്രദേശങ്ങളിൽ നിന്നും വനമേഖലകളിൽ നിന്നും എത്തുന്ന കുട്ടികൾക്ക് യാത്രാക്ലേശം മൂലം പഠനം മുടങ്ങാതിരിക്കാൻ സൗജന്യ താമസവും പോഷകാഹാരവും മികച്ച പഠനാന്തരീക്ഷവും നൽകുന്ന 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും (MRS), 4

ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും (EMRS), പ്രീ-മെട്രിക് / പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും സജ്ജീകരിച്ചിട്ടുണ്ട്.

3. <u>വിദ്യാലയ പ്രവേശന ഡ്രൈവുകളും സർവ്വേകളും:</u> അധ്യയന വർഷാരംഭത്തിൽ ഒന്നാം ക്ലാസ്സിൽ ചേരേണ്ട എല്ലാ കുട്ടികളെയും കണ്ടെത്തി പൊതുവിദ്യാലയങ്ങളിലും വകുപ്പിന്റെ 31 മോഡൽ പ്രീ-സ്കൂളുകളിലും പ്രവേശനം ഉറപ്പാക്കുന്നു

4. <u>തദ്ദേശ സ്ഥാപനങ്ങളുമായുള്ള സംയുക്ത ഏകോപനം:</u> തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള വാർഡ്-തല വിദ്യാഭ്യാസ സമിതികൾ, സമഗ്ര ശിക്ഷാ കേരളം (SSK), സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ (SMC/PTA) എന്നിവരുമായി ചേർന്ന് ഫീൽഡ് തലത്തിൽ കൊഴിഞ്ഞുപോക്ക് സാധ്യതകൾ മുൻകൂട്ടി കണ്ട് പരിഹാരം കണ്ടെത്തുന്നു.

സെക്ഷൻ ഓഫീസർ